# കേരള സർവകലാശാല

നം. പി.ആർ.226/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാല പി.ജി.പ്രവേശനം 2017-18- ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്തവർക്ക് അപേക്ഷിക്കുവാനും നിലവിൽ അപേക്ഷിച്ചിട്ടുള്ളവർക്ക് തിരുത്തലുകൾ വരുത്തുവാനും അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/ സ്വാശ്രയ കോളേജുകൾ/സെന്ററുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ഇതുവരേയും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർക്ക് 2017 ഒക്ടോബർ 21-ന് വൈകിട്ട് 5 മണി വരെ രജിസ്റ്റർ ചെയ്യാൻ അവസരം നൽകുന്നു.

ഓൺലൈനായി രജിസ്ട്രേഷൻ ചെയ്തിട്ടുള്ളവരും എന്നാൽ ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്കും 2017 ഒക്ടോബർ 21 വൈകിട്ട് 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ ഒഴികെ മറ്റ് തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകളിൽ മാറ്റം വരുത്തുവാൻ അനുവാദമില്ല. ഒക്ടോബർ 21-ന് വൈകുന്നേരം 5 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർവകലാശാലയെ നേരിട്ട് സമീപിക്കേതില്ല. സ്വന്തം നിലയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തിരുത്തൽ വരുത്താൻ അപേക്ഷകർ ശ്രദ്ധിക്കേതാണ്. നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരമില്ല. മാറ്റങ്ങൾ (തിരുത്തലുകൾ) വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

## ദ്വിദിന ദേശീയ സെമിനാർ അറബി കവിയരങ്ങും സംഘടിപ്പിച്ചു

കേരള സർവകലാശാല അറബിക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "അറബി കവിതയ്ക്ക് കേരളത്തിന്റെ സംഭാവന" എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിനോട് അനുബന്ധിച്ച് കേരളത്തിലെ പ്രശസ്തരായ കവികളെ ഉൾക്കൊള്ളിച്ച് കൊണ്ട് കവിയരങ്ങും നടത്തി. കെയ്റോ ആസ്ഥാനമായി പ്രവർത്തിക്കുന്ന മൗലാനാ ആസാദ് സാംസ്കാരിക കേന്ദ്രത്തിന്റെ ഡയറക്ടർ ഡോ. ലിയാഖത്ത് അലി സമ്മേളനം ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് സർവകലാശാല അറബി വിഭാഗം മുൻ മേധാവി ഡോ.കെ.എം. മുഹമ്മദ്, ഡോ.നിസാറുദ്ദീൻ, ഡോ.താജുദ്ദീൻ മന്നാനി, ഹൈദരാബാദ് ഉസ്മാനി സർവകലാശാല ഫാക്കൽറ്റി ഡോ.ഫള്ലുള്ള ഷരീഫ്, നൗഷാദ് ഹുദവി, ഏഴിമല നാവിക അക്കാദമി അറബിക് വിഭാഗം ഫാക്കൽറ്റി ഡോ.അബ്ദുൽസലിം, ഡോ. മുഹമ്മദ് ഷമീം നിസാമി തുടങ്ങിയവർ ഗവേഷക പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## സൂക്ഷ്മ പരിശോധന

കേരള സർവകലാശാല 2016 ഒക്ടോബർ മാസം നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ഒക്ടോബർ 20 മുതൽ 27 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്. (EJ I).

## സൂക്ഷ്മ പരിശോധന

കേരള സർവകലാശാല ഏപ്രിൽ മാസം നടത്തിയ ബി.ടെക് (2013 സ്കീം) എട്ടാം സെമസ്റ്റർ പരീക്ഷയുടെ (ബയോടെക്നോളജി-ബയോകെമിക്കൽ ബ്രാഞ്ച് ഒഴികെ ഉള്ളവർ) സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ ഒക്ടോബർ 20 മുതൽ 27 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## വൈവ പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമ്സ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ വൈവ ഒക്ടോബർ 30, 31 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭ്യമാണ്.

## എം.ബി.എ (എസ്.ഡി.ഇ) ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം.ബി.എ (എസ്.ഡി.ഇ) നാലാം സെമസ്റ്റർ ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ ഏഴ് ദിവസത്തിനകം കോർഡിനേറ്ററെ അറിയിക്കണം. ബന്ധപ്പെടേണ്ട നമ്പർ. 9995232929.

## മാർക്ക്ലിസ്റ്റുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2016 നവംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ഒക്ടോബർ 20 മുതൽ ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റ് കോപ്പിയും സഹിതം വന്ന് വാങ്ങേണ്ടതാണ്. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി ഒക്ടോബർ 31.

തിരുവനന്തപുരം.
19.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098